ആലപ്പുഴ	49
ചേർത്തല	104
അരൂർ	55
കായംകുളം	347
ചെങ്ങന്നൂർ	217
മാവേലിക്കര	175
പന്തളം	126
ഹരിപ്പാട്ട്	238
മാരാരിക്കുളം	118
കുട്ടനാട്	159
അമ്പലപ്പുഴ	82
	1670

(ജി) മൂന്നു പേർ

1. രവീന്ദ്രൻ
2. ശശി
3. ചന്ദ്രശേഖരൻ

(എച്ച്)&(ഐ) കാർത്തിപ്പള്ളി പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ് കോൺഗ്രസ് (ഐ) മെമ്പറുമായിരുന്ന സതീശ് വർഗ്ഗീസ്.

(ജെ) ഉണ്ട്.

കട്ടച്ചൽകുഴിയിലെ വ്യാജമദ്യ വില്പനയ്ക്കെതിരെ പ്രതികരിച്ചവർക്ക് സംരക്ഷണം

75 (1554) ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഒക്ടോബറിൽ ബാലരാമപുരത്തിനു സമീപം കട്ടച്ചൽകുഴിയിൽ നിന്നും വ്യാജമദ്യ വിൽപനക്കാരനെ അറസ്റ്റു ചെയ്തതിനെ തുടർന്ന് അവരെ ഒറ്റിക്കൊടുത്തു എന്ന വ്യാജേന കട്ടച്ചൽകുഴി ചരുവിള വീട്ടിൽ വി.ലളിതയേയും മകൻ രതീഷിനേയും പ്രസ്തുത വ്യാജമദ്യ വില്പനക്കാരൻ വീടുകയറി മർദ്ദിക്കുക ഉണ്ടായോ;

(ബി) ഇതു സംബന്ധിച്ച് കേസെടുത്തുവോ; ഈ കേസ് ചാർജ്ജ് ചെയ്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഈ കേസിന്റെ ഇപ്പോഴത്തെ നിലയെന്ത്;

(സി) 2000 ജനുവരിയിൽ കട്ടച്ചൽക്കുഴിയിൽ വ്യാജമദ്യ വില്പനയുടെ പേരിൽ അറസ്റ്റുചെയ്ത ആളിനെ ഒറ്റിക്കൊടുത്തു എന്ന വ്യാജേന കട്ടച്ചൽക്കുഴിയിൽ തെങ്ങുവിള റോഡിനകത്ത് ചരുവിള സുനോഷ് ഭവനിൽ ഷൺമുഖൻ, അയാളുടെ ഭാര്യ അമ്പിളി എന്നിവരെ ചാരായവിൽപനക്കാർ വീടുകയറി മർദ്ദിച്ചുവോ; എങ്കിൽ ആരെല്ലാമാണ് മർദ്ദനം നടത്തിയത്; അവരുടെ പേരിൽ എന്തെല്ലാം നടപടി സ്വീകരിച്ചു; അവരെ അറസ്റ്റു ചെയ്തുവോ; ഇല്ലെങ്കിൽ കാരണം എന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ രണ്ടു മർദ്ദന സംഭവങ്ങളിലും ഉൾപ്പെട്ടവരുടെ പേരിൽ എത്ര കേസുകൾ വീതം ഇപ്പോൾ നിലവിലുണ്ട്;

(ഇ) ഇവരുടെ ഭീഷണിയിൽ നിന്നും കട്ടച്ചൽക്കുഴി ഭാഗത്തുള്ള വർക്ക് സംരക്ഷണം നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു. ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം അതിന് കാരണമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി) ഇതു സംബന്ധിച്ച് ബാലരാമപുരം പി.എ. ക്രൈം നം.219/99 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 18.10.99-ൽ കോടതിയിൽ ചാർജ്ജ് കൊടുത്തിട്ടുണ്ട്.

(സി) സുനോഷ് ഭവനിൽ ഷൺമുഖൻ ഭാര്യ അമ്പിളി എന്നിവരെ ചാരായ വിൽപനക്കാർ വീടു കയറി മർദ്ദിച്ച സംഭവം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് ബാലരാമപുരം സ്റ്റേഷനിൽ ക്രൈം 36/2000 യു.എസ്.458, 323,324 ആന്റ് 34 ഐ.പി.സി.പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉണ്ണി എന്നു വിളിക്കുന്ന ഷിനു, 2. ബിജു, 3. കൊച്ചുമകൻ, 4. മോഹൻദാസ് എന്നിവരാണ് പ്രതികൾ. ടി പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റു ചെയ്തിട്ടില്ല.

(ഡി) ക്രൈം 36/2000-ലെ രണ്ടാം പ്രതിയുടെ പേരിൽ 217/99 നമ്പരായി മറ്റൊരു കേസ്സ് ഉണ്ട്. മറ്റു പ്രതികളുടെ പേരിൽ കേസ്സുകൾ നിലവിലില്ല.

(ഇ) കട്ടച്ചൽക്കുഴി ഭാഗത്ത് പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും വ്യാജവാറ്റു നശിപ്പിച്ചും മറ്റും നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് നടന്ന രാഷ്ട്രീയ സംഘട്ടനങ്ങൾ

76 (1555) ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സി.പി.ഐ. (എം) അതിന്റെ വിദ്യാർത്ഥി യുവജന സംഘടന, തൊഴിലാളി സംഘടന എന്നിവ ഒരു വശത്തും മറുവശത്ത് യഥാക്രമം സി.പി.ഐ. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, കേരള കോൺഗ്രസ് (എം) കേരളാകോൺഗ്രസ് (ജേക്കബ്). ആർ.എസ്.പി., എൻ.സി.പി. എന്നീ കക്ഷികളോ അവയുടെ വിദ്യാർത്ഥി യുവജന സംഘടനയോ തൊഴിലാളി സംഘടനയോ മറുവശത്തും ആയി എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) അതിന്റെ ഫലമായി എത്രപേർക്ക് പരിക്കേറ്റു;

(സി) ഈ സംഘട്ടനങ്ങൾ സംബന്ധിച്ചെടുത്ത കേസുകളിൽ എത്ര പ്രതികളുണ്ട്; ഓരോ കക്ഷിയിലോ അതിന്റെ വിദ്യാർത്ഥിയുവജന സംഘടനയിലോ തൊഴിലാളി സംഘടനയിലോ അംഗമായിട്ടുള്ള എത്ര പേർ വീതം ഈ കേസുകളിൽ പ്രതികളാണെന്ന് വ്യക്തമക്കുമോ?

ഉത്തരം

(എ) 1363 സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 1907 പേർക്ക് പരിക്കേറ്റു.

(സി) 10740 പ്രതികൾ ഉണ്ട്. കക്ഷിതിരിച്ചുള്ള പ്രതികളുടെ വിവരം താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly